ചെയ്യുന്നതുവരെ നിരപരാധികളായിരിക്കാം; പക്ഷേ, കേസ് രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ആ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യാറുണ്ട്. അത് ഈ സംസ്ഥാനത്ത് ഒരു കീഴ്വഴക്കമായി നിൽക്കുകയും ചെയ്യുകയാണ്. ഈ സാഹചര്യത്തിൽ ബഹുമാനപെട്ട മന്ത്രി ഇവിടെ പറഞ്ഞു, വിജിലൻസ് കോടതിയിൽ കേസ് ഉണ്ടെന്ന്, അങ്ങനെയെങ്കിൽ വിജിലൻസ് കോടതിയിൽ കേസുള്ള ഒരു ഉദ്യോഗസ്ഥനെ എന്തുകൊണ്ട് സർവ്വീസിൽനിന്നും മാറ്റി നിറുത്താതെ പുനർനിയമനം കൊടുത്തു, അത് ഗവൺമെന്റിന്റെ നയമാണോ?

ശ്രീമതി സുശീലാ ഗോപാലൻ : പുനർനിയമനം കൊടുത്തത്..... (ബഹളം).....ഈ കാര്യത്തിൽ വിജിലൻസ് കോടതിയിൽ കേസുണ്ടെന്നുള്ള കാര്യം ശരിയാണ്. അതിനുമുമ്പുതന്നെ എക്സ്റ്റൻഷൻ കൊടുത്തു കഴിഞ്ഞിരുന്നു. എന്തെങ്കിലും ഒരു റഫറൻസ്, ഇയാൾ കുറ്റക്കാരാനാണെന്ന് കോടതി പറഞ്ഞാൽ തീർച്ചയായിട്ടും അയാൾക്കെതിരായി നടപടിയെടുക്കും. ആർക്കെങ്കിലും എതിരായി ഒരാൾ കേസ് കോടതിയിൽ കൊടുത്തതുകൊണ്ട് തീർച്ചയായിട്ടും അങ്ങനെയൊരു നടപടിയെടുക്കാൻ സാദ്ധ്യമല്ല. വിജിലൻസ് കോടതിയുടെ റഫറൻസ് വന്നാൽ തീർച്ചയായിട്ടും ചെയ്യുന്നതാണ്..... (ബഹളം).....

മി. സ്പീക്കർ : ചോദ്യോത്തരസമയം കഴിഞ്ഞു. ഇപ്പോൾ നടക്കുന്നതു ഓർഡറിൽ അല്ല.....(ബഹളം).....പ്ലീസ്, പ്ലീസ്, ശ്രീ. ടി.എം. ജേക്കബ്.....പ്ലീസ്..... ഇവിടെ ഒരു ചോദ്യത്തിന് കൂടുതൽ സപ്ലിമെന്ററി കിട്ടിയില്ല എന്നുപറഞ്ഞു. സാധാരണ പകരം മന്ത്രിമാർ വരുമ്പോൾ കൂടുതൽ സപ്ലിമെന്ററി വരാറില്ല. അതിന്റെ പേരിലാണ് വന്നുപോയത്. അത് വീണ്ടും ഒന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതിന് എനിക്ക് അപ്പോൾ ആൻസർ ചെയ്യാൻ പറ്റിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : ശരിയാണ്. കൈകാര്യം ചെയ്യുന്ന വകുപ്പുമന്ത്രിക്കുപകരം മന്ത്രി വരുമ്പോൾ അദ്ദേഹത്തിന് മറുപടി പറയാൻ പ്രയാസമുണ്ടാകും. പക്ഷേ പകരം വന്ന മന്ത്രി ശ്രദ്ധിക്കേണ്ട കാര്യം, മന്ത്രിമാർ തുടർച്ചയായിട്ട് ആവർത്തിച്ച് പറഞ്ഞുവെങ്കിലും ഇതുവരെ പ്രഖ്യാപിച്ച സൗജന്യറേഷൻ പലയിടത്തും അർഹതപ്പെട്ടവർക്ക് കിട്ടിയിട്ടില്ല. ഈ പ്രശ്നം ഗൗരവമായിട്ടെടുക്കണം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : അത് ഞാൻ അഷ്വർ ചെയ്യുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

6 (*262) വനിതകളുടെ ക്ഷേമത്തിനായുള്ള നടപടി

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ടി.എസ്. ജോൺ :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വനിതകളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) വനിതകൾക്ക് തൊഴിൽ നൽകുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളത്;

(സി) സാങ്കേതിക വിദ്യാഭ്യാസയോഗ്യതയുള്ള വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(ഡി) നിലവിലുള്ള വനിതാ തൊഴിൽ ദാനപദ്ധതികളുടെ നേട്ടം വിലയിരുത്തി അവ കാലോചിതമായി പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) വനിതകളുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, സാമൂഹ്യക്ഷേമ ഉപദേശക ബോർഡ് കേരള വനിതാ കമ്മീഷൻ എന്നിവ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും ഇതരക്ഷേമ സ്ഥാപനങ്ങളുടെയും വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.†

(ബി) ഉത്തരം അനുബന്ധം II ആയിചേർത്തിരിക്കുന്നു.†

(സി) വനിതാ വികസന കോർപ്പറേഷനിൽ നിന്നും സ്വയംതൊഴിൽ വായ്പകൾ നൽകുമ്പോൾ സാങ്കേതിക യോഗ്യതയുള്ള വനിതകൾക്ക് മുൻഗണന നൽകുന്നു.

(ഡി) വനിതാ വികസന കോർപ്പറേഷന്റെ തൊഴിൽ ദാനപദ്ധതികളുടെ നേട്ടം കാലാകാലങ്ങളിൽ വിലയിരുത്തുകയും തൊഴിൽ വായ്പാ പദ്ധതികൾ കാലോചിതമായി പരിഷ്ക്കരിക്കുകയും കൂടുതൽ സാങ്കേതിക പദ്ധതികൾ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കി വന്നിരുന്നതും സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകിവന്നിരുന്നതുമായ പദ്ധതി ജനകീയാസൂത്രണത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കുകയാണ്.

സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികളെല്ലാം തന്നെ കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് നിശ്ചയിക്കുന്ന പ്രകാരമുള്ളവയാണ്. ആയതിനാൽ പദ്ധതികൾ കാലോചിതമായി പരിഷ്ക്കരിക്കാനുള്ള അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര ബോർഡാണ്.

(ഇ) സംസ്ഥാന വനിതാവികസന കോർപ്പറേഷന്റെ കീഴിൽ കേന്ദ്രവനിതാ ശിശുക്ഷേമ വകുപ്പിന്റെ സ്റ്റെപ്പ് പദ്ധതി പ്രകാരം ഭക്ഷ്യസംസ്ക്കരണ മേഖലയിലും സ്റ്റേഷനറി നോട്ടുബുക്കു നിർമ്മാണ മേഖലയിലുമായി 2500 പേർക്ക് നേരിട്ട് തൊഴിൽ നൽകുന്നതിനുള്ള ഒരു പദ്ധതിയും നെറോഡ്

---

† അനുബന്ധം I

†

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പ്രകാരം വിവിധ ട്രേഡുകളിലായി 15 ഉല്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള ഒരു പദ്ധതിയും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

7 (*263) വനിതാ തൊഴിൽദാന പദ്ധതി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം.പി. വർഗ്ഗീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ വനിതകൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വനിതകൾക്ക് തൊഴിൽ നൽകുന്ന പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വ്യവസായ മേഖലകളെയാണ് ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വനിതാ തൊഴിൽദാന പദ്ധതി പ്രകാരം വ്യവസായ സംരംഭകർക്ക് തൊഴിൽ പരിശീലനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് തൊഴിൽ പരിശീലനം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് തുടങ്ങുവാനുദ്ദേശിക്കുന്ന തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ സംരംഭകർക്ക് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നൽകുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത തൊഴിൽദാന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ലക്ഷം വനിതകൾക്ക് തൊഴിൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത തൊഴിൽദാന പദ്ധതിക്ക് ആസൂത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചുവോ;

(എച്ച്) എങ്കിൽ വനിതാ തൊഴിൽദാന പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 'വനിതാ തൊഴിൽദാന പദ്ധതി വ്യവസായ രംഗത്ത് എന്ന ഒരു തീവ്രയത്ന പരിപാടിക്ക് വ്യവസായ വകുപ്പു രൂപം നൽകിവരികയാണ്. സംഘടിത മേഖലകളായ ഗ്രാമീണ കൈത്തൊഴിൽ, കൃഷിപ്പണി എന്നിവയ്ക്കു പുറമെ പരമ്പരാഗത വ്യവസായ മേഖലകളായ കയർ, കശുവണ്ടി, കൈത്തറി, കമ്പിളി, കരകൗശല, ഗ്രാമീണ വ്യവസായം തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. അതാണ് ശ്രീ.കാർത്തികേയൻ ചോദിച്ചത്. അതിനു മുഖ്യമന്ത്രി ഉത്തരം പറഞ്ഞില്ല. മുഖ്യമന്ത്രി പറയുന്നു കോർപ്പറേഷനാണ് വിളിച്ചു കൂട്ടേണ്ടതെന്ന്.....(ബഹളം).....ഒരു പ്രമേയം കൊണ്ടുവന്ന് ചർച്ച ചെയ്യേണ്ട കാര്യമുണ്ട്. പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തിന്റെ പരിഹാരത്തിനു വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരം ജില്ലയിലെ ഭരണകക്ഷി, പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ എം. എൽ.എ.മാരുടെ യോഗം വിളിക്കാൻ തയ്യാറാകണം. അതു ഞങ്ങൾക്കറിയണം.

മി. സ്പീക്കർ : പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്....

പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലായ് മാസം 5-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക്ശേഷം 12.35 ന് പിരിഞ്ഞു.)

അനുബന്ധം 1

നക്ഷത്ര ചിഹ്നമിട്ട 6 (262)-ാം നമ്പർ ചോദ്യം കാണുക.

1. **വനിതകളുടെ ക്ഷേമത്തിനുള്ള നടപടികൾ**

എ) സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിന്റെ മേൽനോട്ടത്തിൽ നടത്തുന്ന ക്ഷേമ പദ്ധതികളും സ്ഥാപനങ്ങളും.

ക്ഷേമപദ്ധതികൾ

1) ഇന്ദിരാ മഹിളാ യോജന
2) കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള പദ്ധതി
3) മഹിളാ സമൃദ്ധിയോജന

സ്ഥാപനങ്ങൾ

1) മഹിളാ മന്ദിരങ്ങൾ
2) റെസ്ക്യൂ ഹോമുകൾ
3) ആഫ്ടർകെയർ ഹോസ്റ്റൽ
4) ആഫ്ടർ കെയർ ഹോം ഫോർ ദി അഡോളസെന്റ് ഫീമെയിൽ
5) ഹോം ഫോർ ദി ഫിസിക്കലി ഹാന്റിക്യാപ്ഡ് വിമൺ
6) ആശാഭവനം
7) ഷോർട്ട് സ്റ്റേ ഹോം

ബി) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ക്ഷേമ പദ്ധതികൾ.

1) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന സ്വയംതൊഴിൽ വായ്പാ പദ്ധതികൾ
2) പൊതുവിഭാഗത്തിനുള്ള സ്വയംതൊഴിൽ വായ്പകൾ
3) വനിതാ സംഘടനകൾക്കും വനിതാ സഹകരണ സംഘങ്ങൾക്കും നൽകുന്ന സ്വയം തൊഴിൽ വായ്പകൾ

LIBRARY ARCHIVES Kerala Legislative Assembly

4) സാങ്കേതിക പരിശീലന പരിപാടികൾ

5) കേന്ദ്ര ഗവൺമെന്റിന്റെ നൊറാഡ് പദ്ധതിയനുസരിച്ചുള്ള ഉൽപാദന പരിശീലന കേന്ദ്രങ്ങൾ

6) കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റെപ് പദ്ധതി അനുസരിച്ച് കോഴിക്കോട്. മലപ്പുറം. ജില്ലകളിൽ നടപ്പാക്കുന്ന ഫിഷറീസ് പ്രോജക്ട്

7) വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ

8) വനിതാ വ്യവസായ ഉല്പന്നവിപണന മേളകൾ/ബോധവൽക്കരണ ക്യാംപുകൾ

സി) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡിന്റെ കീഴിൽ വിവിധ തരത്തിലുള്ള സ്വയംതൊഴിൽ പദ്ധതികൾ പരിശീലന പരിപാടികൾ ബോധവൽക്കരണ ക്യാംപുകൾ എന്നിവ നടത്തുന്നു.

(ഡി) കേരള വനിതാ കമ്മിഷന്റെ ക്ഷേമ പരിപാടികൾ

1) വനിതാ കമ്മിഷന്റെയും ജില്ലസമിതികളുടെയും സംയുക്താഭിമുഖ്യത്തിൽ 14 ജില്ലകളിലും സ്ത്രീകൾക്കായി ഏകദിന നിയമബോധന ശില്പശാലകൾ നടപ്പിലാക്കി വരുന്നു.

2) സ്ത്രീകളുടെ പരാതികൾക്ക് വേഗത്തിൽ പരിഹാരം കാണുന്നതിനായി എല്ലാ ജില്ലകളിലും അദാലത്തുകൾ നടത്തുകയുണ്ടായി

3) പരാതിയുമായി കമ്മീഷനെ സമീപിക്കുന്ന സ്ത്രീകൾക്ക് കേസിന് പരിഹാരം ലഭിക്കുന്നതുവരെ താമസിക്കുവാനും ഭക്ഷണം നൽകുന്നതിനുമായി വനിതാ കമ്മീഷന്റെയും നഗരജനകീയസൂത്രണ കാര്യനിർവ്വഹണ സമിതിയുടേയും സംയുക്താഭിമുഖ്യത്തിൽ ഒരു ഹ്രസ്വകാല വസതി നടത്തുന്നു.

4) നിരാലംബരായ സ്ത്രീകൾക്കും പെൺകുട്ടികൾക്കും പുനരധിവാസം നൽകുന്നതിനു വേണ്ടി തൊഴിൽ വകുപ്പിന്റെ ധനസഹായത്തോടെ കുടുംബ സേവികാ പരിശീലന പരിപാടി നടത്തുകയും പരിശീലനം ലഭിച്ചവർക്ക് തൊഴിൽ അന്വേഷിച്ചു കൊടുക്കുകയും ചെയ്യുന്നു.

2. വനിതകൾക്ക് തൊഴിൽ നൽകുന്ന പദ്ധതികൾ

എ) സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പുനരധിവാസതൊഴിൽ പദ്ധതികൾ

(1) കേന്ദ്ര സർക്കാരിന്റെ പദ്ധതികളായ സ്റ്റെപ്പ്, നൊറാഡ് എന്നിവയിലൂടെയുള്ള സ്വയം തൊഴിലുകൾ.

ബി) വനിതാ വികസന കോർപ്പറേഷന്റെ സ്വയം തൊഴിൽ പദ്ധതികൾ

(1) ദേശിയ ന്യൂനപക്ഷ ധനവികസന ധനകാര്യ കോർപ്പറേഷന്റെയും ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതികൾ.

(2) പൊതുവിഭാഗത്തിനുള്ള സ്വയംതൊഴിൽ വായ്പകൾ.

(3) വനിതാ സംഘടനകൾക്കും വനിതാ സഹകരണ സംഘങ്ങൾക്കും നൽകുന്ന സ്വയം തൊഴിൽ വായ്പകൾ.

LIBRARY ARCHIVES Kerala Legislative Assembly

(4) കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റെപ്പ് പദ്ധതി അനുസരിച്ച് കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പാക്കുന്ന ഫിഷറീസ് പ്രോജക്ട് 600 പേർക്ക് നേരിട്ട് തൊഴിൽകൊടുക്കുന്ന സംരംഭമാണിത്.

(സി) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡിന്റെ സ്വയം തൊഴിൽ പദ്ധതികൾ.

(1) വ്യാവസായിക പരിപാടികൾ

ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനും വൻകിട വ്യവസായങ്ങൾക്ക് അനുബന്ധമായ വ്യവസായങ്ങൾ തുടങ്ങുന്നതിനും, കരകൗശലകേന്ദ്രങ്ങൾ, കൈത്തറി കേന്ദ്രങ്ങൾ, മൽസ്യബന്ധനവുമായി ബന്ധപ്പെട്ട മേഖലകളിലെ വ്യവസായകേന്ദ്രങ്ങൾ എന്നിവ തുടങ്ങുന്നതിനുമായി സന്നദ്ധ സംഘടനകൾക്ക് ഗ്രാന്റ് നൽകുന്നു. പദ്ധതി വിഹിതത്തിന്റെ 85% കേന്ദ്ര ബോർഡിൽ നിന്നും ഗ്രാന്റ് ആയി നൽകുന്നു. 15% ചെലവ് സംഘടനകൾ വഹിക്കേണ്ടതാണ്.

(2) പശുവളർത്തൽ

സന്നദ്ധസംഘടനകൾ വഴി തെരഞ്ഞെടുക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്ക് രണ്ട് കറവപശുക്കളെ നൽകുന്നതിനാവശ്യമായ തുക പലിശയില്ലാത്തകടമായി നൽകുന്നു.

(3) സ്വയംതൊഴിൽ പദ്ധതി

തയ്യൽ മെഷീൻ, തറി മുതലായവ വാങ്ങുന്നതിനും ചെറുകച്ചവടം നടത്തുന്നതിനുമായി സംഘടനകൾ വഴി വ്യക്തികളെ സഹായിക്കാൻ പലിശയില്ലാത്ത വായ്പ നൽകുന്നു.

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

വനിതകളായ വികലാംഗർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ബാങ്ക് ലോണിന് അപേക്ഷ ശുപാർശ ചെയ്യുകയും അപ്രകാരം അനുവദിച്ചു ലഭിക്കുന്ന വായ്പകൾക്ക് 2000 രൂപ കോർപ്പറേഷൻ സബ്സിഡി നൽകുകയും ചെയ്യുന്നു.

അനുബന്ധം II

2.7.99-ലെ 7 (1233)-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യം കാണുക

(1) List of Profit Making Undertakings in 1997-1998

	Name of Undertakings	Profit Rs. in lakhs.
1.	Kerala State Electricity Board	2461.66
2.	Malabar Cements Ltd.	2214.35
3.	Kerala Minerals and Metals Ltd.	1802.76
4.	Kerala Financial Corporations	1148.00
5.	Kerala State Housing Board	1003.13
6.	Kerala Agro Machinery Corporation Ltd.	810.19
7.	Kerala State Beverage (M&M) Corporation Ltd.	771.00
8.	Kerala State Industrial Development Corporation Ltd.	751.00
9.	Kerala State Financial Enterprises Ltd.	687.00

LIBRARY ARCHIVES Kerala Legislative Assembly